**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 618** **08-10-2024 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മേഖലകളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വ്യവസായ വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും ചെയ്യുക വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു.<br><br>സംസ്ഥാന സർക്കാർ 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിച്ചിരുന്നു. ഒരു വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം തലത്തിലുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംരംഭക വർഷം പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ 139,840 പുതിയ സംരംഭങ്ങളും അതിലൂടെ 3 ലക്ഷത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിച്ച് കൊണ്ട് ചരിത്ര വിജയം കൈവരിച്ചു.<br><br>2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ഒക്ടോബർ 4 വരെയുള്ള ദിവസത്തെ കാലയളവിൽ, സംസ്ഥാനത്ത് ആകെ 301,738 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇത് വഴി |

19549.16 കോടി രൂപയുടെ നിക്ഷേപവും 641,324 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. MSME- കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടികാണാൻ കഴിയാത്ത അപകട സാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. MSME നൽകുന്ന വാർഷിക ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 5000 രൂപ) റീഇംബേഴ്സ്മെന്റ് ആയി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ആണ് നടപ്പിലാക്കുന്നത്.

താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ**,** ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 456 തദ്ദേശ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി ഇതുവരെ 213 സംരംഭങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ

| | | | |
|---|---|---|---|
| | | | ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ വ്യവസായ നയം, 2023 നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പുതിയ സംരംഭങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സംരംഭക വർഷം 2.0 പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്, ഇതിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്മാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>**പൊതു ബോധവത്കരണ പരിപാടി:** ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപെട്ട സംരംഭകർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെക്കുറിച്ചു എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിയ പൊതു ബോധവത്കരണ പരിപാടികളിലായി 57,528 പേർ പങ്കെടുത്തിരുന്നു. തുടർന്ന് വായ്പ/ ലൈസൻസ്/ സബ്സിഡി മേളകൾ നടത്തുകയുണ്ടായി. പുതുതായി ആരംഭിച്ച സംരംഭങ്ങൾക്ക് ഓൺലൈൻ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ONDC പ്ലാറ്റ്ഫോമിലേക്ക് സംരംഭകരെ ഓൺബോർഡ് ചെയ്യുന്നതിനായി ജില്ലാ തലത്തിൽ ശില്പശാലകൾ സംഘടിപ്പിച്ചിരുന്നു. ഇതിലൂടെ 353 യൂണിറ്റുകളേയും 1093 ഉത്പന്നങ്ങളെയും ONDC പ്ലാറ്റ്ഫോമിൽ ഓൺബോർഡ് ചെയ്യുവാൻ സാധിച്ചു.<br><br>**സുസ്ഥിരത സർവ്വേ:** പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു. സംരംഭക വർഷം 2022-23 ന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ |

മനസിലാക്കി വേണ്ട സഹായങ്ങൾ നല്കുന്നതിനായി EDE-മാർ എല്ലാ സംരംഭങ്ങളും സന്ദർശിക്കുകയും ഡാറ്റ കളക്ഷൻ നടത്തുകയും ചെയ്തു. ഇതോടൊപ്പം എല്ലാ സംരംഭത്തിന്റെയും ജിയോ ടാഗ്ഗിങ്ങും നടപ്പിലാക്കി. ഈ പഠന പ്രക്രിയയിലൂടെ കേരളത്തിലെ സംരംഭങ്ങളിൽ, തുടങ്ങി ആദ്യ വർഷം തന്നെ പൂട്ടി പോകുന്ന സംരംഭങ്ങൾ 15% മാത്രമാണെന്ന് മനസിലാക്കാൻ സാധിച്ചു. ഇത് ദേശീയ ശരാശരി 30% ആയിരിക്കെയാണ്.

**മിഷൻ 1000:** കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 പദ്ധതി ആരംഭിച്ചു. ആദ്യ പടിയായി ഇതുവരെ 213 സംരംഭങ്ങളെ തിരഞ്ഞെടുക്കയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചു വരുന്നു.

**MSME ഇൻഷുറൻസ് പദ്ധതി:** സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി വ്യവസായ വകുപ്പ് ആരംഭിച്ചു. പ്രീമിയം തുകയുടെ 50 ശതമാനം, പരമാവധി 5000 രൂപ വരെ സബ്സിഡി നൽകുന്നതാണ് ഈ പദ്ധതി.

**കേരളാ ബ്രാൻഡ്:** കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ / നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാരം കൊണ്ട് വരികയും, അതുവഴി ഈ ഉത്പന്നങ്ങൾ/ സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ ഉള്ള വിപണന സാധ്യത കൂട്ടുകയും എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് "കേരളാ ബ്രാൻഡ്". ഗുണമേന്മ, ധാർമ്മികത, ഉത്തരവാദിത്ത വ്യാവസായിക സമ്പ്രദായങ്ങൾ എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഇത് പ്രകടമാക്കുകയും സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക് "MADE IN KERALA" എന്ന സവിശേഷമായ ഐഡന്റിറ്റി സൃഷ്ടിച്ചുകൊണ്ട് ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും. ഇതുവരെ,6 വെളിച്ചെണ്ണ യൂണിറ്റുകൾക്ക് കേരളം ബ്രാൻഡ് നൽകി കഴിഞ്ഞു. തുടർന്നും നിരവധി യൂണിറ്റുകളുടെ അപേക്ഷകൾ സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| | | | **ക്യാംപസ് വ്യവസായ പാർക്കുകൾ:** വ്യവസായ ആവശ്യത്തിനുള്ള സ്ഥല ലഭ്യതയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി വ്യവസായ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനു സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനു സർക്കാർ അനുമതി നൽകി.<br><br>**ഇൻഡസ്ട്രീസ് അവാർഡ്സ്:** 2023-24 സാമ്പത്തിക വർഷം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായിട്ട് ഇൻഡസ്ട്രീസ് അവാർഡ്സ് 2023 സംഘടിപ്പിച്ചു. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ചവച്ച സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകിയത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം, ലാർജ് ആൻഡ് മെഗാ ക്യാറ്റഗറിയിൽ ഉൽപാദന/ സേവന/ വ്യാപാര മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ കൂടാതെ എക്സ്പോർട്ട് സംരംഭങ്ങൾ, ഉൽപാദന സ്റ്റാർട്ടപ്പ്, വനിതാ/ പട്ടിക ജാതി/ പട്ടിക വർഗ/ ട്രാൻസ്ജെൻഡർ സംരംഭകരുടെ സംരംഭങ്ങൾക്കും പുരസ്കാരങ്ങൾ നൽകി.<br><br>**എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ:-** കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായവകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെ ത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനം കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെയും വിവിധ മേഖലകളിൽ ശേഷി വികസനത്തിലൂടെയും, സാങ്കേതികവിദ്യ കൈമാറ്റം, ഗുണനിലവാര സർട്ടിഫിക്കേഷൻ സ്ഥാപിക്കുക എന്നിവയിലൂടെ വ്യവസായത്തിന് സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാൻ പദ്ധതിയിടുന്നു. |
| (സി) | പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ.) പദ്ധതിയുടെ കീഴിൽ | (സി) | ഭക്ഷ്യ സംസ്കരണ-മൂല്യവർദ്ധിത മേഖലകളിൽ സംസ്ഥാനത്തെ വിപുലമായ അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന വ്യവസായ |

| | | | |
|---|---|---|---|
| | സൂക്ഷ്മ സംരംഭക മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ; | | വാണിജ്യ ഡയറക്ടറേറ്റ് സംസ്ഥാന നോഡൽ ഡിപ്പാർട്ട്മെന്റ് (SND) ആയും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) സ്റ്റേറ്റ് നോഡൽ ഏജൻസി (SNA) ആയും പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ) പദ്ധതി മികച്ച രീതിയിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.<br><br>കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി സംസ്ഥാനങ്ങളുമായി സഹകരിച്ച് ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് സാമ്പത്തിക, സാങ്കേതിക, വിപണന പിന്തുണ നൽകുന്നതിനായി രൂപവത്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ)പദ്ധതി. ഈ പദ്ധതിയിലൂടെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കു സാമ്പത്തിക, സാങ്കേതിക, ബിസിനസ്സ് പിന്തുണ ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി സഹകരിച്ച് 60:40 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിനു കീഴിലെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI) കേരള സംസ്ഥാനത്തിനായി 2526 വ്യക്തിഗത വായ്പാ അപേക്ഷകളായിരുന്നു ലക്ഷ്യമായി നൽകിയിരുന്നത്. അതിനനുസൃതമായി 2024 മാർച്ച് 31 വരെ 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് ലഭിക്കുന്നതിന് വ്യക്തിഗത വിഭാഗത്തിന് കീഴിൽ സംസ്ഥാനം 2548 വായ്പകൾ അനുവദിച്ചു. അപ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി വിഭാഗത്തിന് കീഴിൽ അനുവദിച്ച വായ്പകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള റാങ്കിംഗിൽ 102% ലക്ഷ്യ പൂർത്തീകരണം സാധ്യമാക്കി ദേശീയ തലത്തിൽ കേരളം മൂന്നാം സ്ഥാനം നേടുകയുണ്ടായി.<br><br>2023-24 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ മിഷൻ മുഖേനെ 3460 SHG അംഗങ്ങൾക്ക് സീഡ് ക്യാപിറ്റൽ അസിസ്റ്റൻസ് നൽകുക എന്നതായിരുന്നു കേരള സംസ്ഥാനത്തിന്റെ ലക്ഷ്യം. ഇതുപ്രകാരം 3515 ഗുണഭോക്താക്കൾക്ക് (State Rural Livelihood Mission [SRLM] കീഴിൽ 3466 ഗുണഭോക്താക്കളും State Urban Livelihood Mission [SULM] കീഴിൽ 49 ഗുണഭോക്താക്കളും അനുമതി നൽകികൊണ്ട് 10.87 കോടി രൂപയുടെ സഹായത്തിന് കേരളം അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) | റെയ്സിംഗ് ആന്റ് ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ. പെർഫോമൻസ് (റാംപ്) | (ഡി) | കേന്ദ്ര സർക്കാർ വേൾഡ് ബാങ്ക് പിന്തുണയോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് "റൈസിംഗ് ആൻഡ് |

പദ്ധതിയുടെ ഭാഗമായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയം മേഖലയിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കാമോ?

ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ.പെർഫോർമൻസ്" (RAMP). 2022 ജൂൺ 30-ന് പദ്ധതിയുടെ ദേശിയതല ഉദ്ഘാടനം നടക്കുകയുണ്ടായി. അഞ്ച് വർഷ കാലയളവിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ (MoMSME) ആഭിമുഖ്യത്തിലാണ്.

**വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ**

റാംപ് പദ്ധതിയുടെ ഭാഗമാകാൻ താല്പര്യമുള്ള സംസ്ഥാനങ്ങൾ പ്രാഥമികമായി ഒരു സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ (SIP) തയ്യാറാക്കുകയും, അത് കേന്ദ്ര MSME മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്. SIP രൂപീകരണത്തിനായി സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭിക്കുന്നതാണ്. സംസ്ഥാനങ്ങൾക്ക് SIP തയ്യാറാക്കുന്നതിനായി ഗ്രാന്റുകൾ നൽകുന്നതിലൂടെ കേന്ദ്ര-സംസ്ഥാന സഹകരണം പ്രോത്സാഹിപ്പിക്കു ന്നതും ലക്ഷ്യമിടുന്നു.

SIP സംസ്ഥാന സർക്കാരിന്റെ എം.എസ്.എം.ഇ മേഖലയുടെ വികസനത്തിനായി തയ്യാറാക്കിയ റോഡ് മാപ്പാണ്. തുടർന്ന്, കേന്ദ്ര MSME മന്ത്രാലയം അംഗീകരിക്കുന്ന SIP-യിൽ തിരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനങ്ങൾക്ക് റാംപ് പദ്ധതിയിലൂടെ ഗ്രാന്റുകളും നൽകുന്നു.

2023 മെയ് മാസത്തിൽ റാംപ് SIP രൂപീകരിക്കുന്നതിനായി വ്യവസായവകുപ്പ് കൺസൾട്ടന്റിനെ ഏർപ്പാടാക്കുകയും 2023 ഒക്ടോബർ മാസം SIP കേന്ദ്ര MSME മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. ജനുവരി 2024-ൽ വ്യവസായ വകുപ്പ് സമർപ്പിച്ച SIPക്ക് കേന്ദ്ര അംഗീകാരം ലഭിക്കുകയും, SIP ൽ പരാമർശിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാകുന്നതി നായിട്ട് 107.71 കോടി രൂപയുടെ ഗ്രാന്റ് നൽകുന്നതിന് തീരുമാനം ആവുകയും ചെയ്തു. തുടർന്ന്, ജൂലൈ 2024-ൽ SIP നടപ്പിലാക്കുന്നതിനും, അതിന്റെ മോണിറ്ററിങ് ആൻഡ് റിവ്യൂവിനും വേണ്ടി കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

റാംപ് SIP യിൽ അംഗീകരിച്ച ഘടകങ്ങൾ

റാംപ് പദ്ധതിയുടെ ഭാഗമായി SIP യിൽ അംഗീകരിച്ച ഘടകങ്ങൾ ഇവയാണ്:

| Sl. No. | Interventions | Approved Amount (Rs. Crs) |
| --- | --- | --- |

| | | |
|---|---|---|
| K1 | Enhancing Firm capabilities (Mission 1000) | 10.4( |
| K2 | Enhancing Firm capabilities (Make in Kerala) | 31.31 |
| K3 | Enhancing Firm capabilities (Competitiveness Support) | 1.1[illegible] |
| K4 | Improving Digital Infrastructure | 17.3[illegible] |
| K5 | Improving Access to Finance | 2.0[illegible] |
| K6 | Improving Access to Market | 8.0( |
| K7 | Institutional Strengthening | 2.8[illegible] |
| K8 | Sectoral Interventions | 29.4[illegible] |
| | **Total** | **102.5[illegible]** |
| | Information, Education, Communication (IEC) @ 5% | 5.1[illegible] |
| | **Grand Total** | **107.7(** |

മേൽപറഞ്ഞ ഘടകങ്ങൾക്ക് കീഴിൽ കേന്ദ്ര MSME മന്ത്രാലയം സംസ്ഥാന തലത്തിൽ നടപ്പിലാക്കുവാൻ വേണ്ടി അംഗീകരിച്ച വിവിധ പദ്ധതികൾ ഇവയാണ്:

1. മിഷൻ 1000 യൂണിറ്റുകൾക്കുള്ള DPR സഹായം

2. എം.എസ്.എം.ഇ.കൾക്ക് ബിസിനസ് എക്സിക്യൂട്ടീവ് വഴി ഹാൻഡ് ഹോൾഡിങ്

3. ഇറക്കുമതി ബദൽ പഠനവും സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കലും

4. MSME ക്ലിനിക്കുകൾ, ടെക്നോളജി ക്ലിനിക്കുകൾ

5. ടെക്നോളജി സപ്പോർട്ട് സെന്റർ

6. സ്ത്രീകൾക്കും യുവാക്കൾക്കും പരിശീലന പരിപാടികൾ

7. എനർജി ഓഡിറ്റുകൾ

8. MSME അവാർഡുകൾ

| | | | |
|---|---|---|---|
| | | | 9. ഐ.ടി ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ<br><br>10.ബാങ്കേഴ്സ് മീറ്റ് (ലോൺ മേളകൾ)<br><br>11.കേരള ബ്രാൻഡ് മാർക്കറ്റിംഗ്&പ്രമോഷൻ<br><br>12.വ്യവസായവകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ<br><br>13. ഇ.ഡി.ഇ.മാർക്കും റിസോഴ്സ്പേഴ്സൺമാർക്കുമായുള്ള ശേഷി വികസന പരിപാടികൾ<br><br>14. മേഖലാ അധിഷ്ഠിത സർവേകളും പഠനങ്ങളും<br><br>15. മേഖല നിർദ്ദിഷ്ട പരിശീലനങ്ങൾ, സെമിനാറുകൾ, കോൺക്ലേവുകൾ<br><br>16. കയറ്റുമതി നടപടിക്രമങ്ങളെക്കുറിച്ചുള്ള ശില്പശാലകൾ<br><br>17. ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം എടുക്കുവാൻ MSME-കളെ പ്രോത്സാഹിപ്പിക്കൽ<br><br>മേൽ പറഞ്ഞ പദ്ധതികളുടെ ആസൂത്രണവും നടപ്പിലാക്കലും സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആയിരിക്കും. ഇനിയുള്ള 3 വർഷ കാലയളവിലാണ് (2026-27 വരെ) ഈ പദ്ധതികൾ നടപ്പിലാക്കേണ്ടത്. RAMP SIP നടപ്പിലാക്കുന്നതിന്റെ ഓരോ ഘട്ടത്തിലും അത് വരെയുള്ള പുരോഗതി വ്യവസായ വകുപ്പ് കേന്ദ്ര MSME മന്ത്രാലയത്തെ അറിയിക്കേണ്ടതാണ്. പുരോഗതി വിലയിരുത്തിയ ശേഷം തുടർന്നുള്ള ഗ്രാന്റ് ഫണ്ട് MSME മന്ത്രാലയം നൽകുന്നതാണ്.<br><br>RAMP പദ്ധതി കേരളത്തിലെ MSME-കൾക്ക് മികച്ച വളർച്ച പ്രാപിക്കുവാനും, വിവിധ മേഖലകളിൽ അവയുടെ ശേഷി വികസിപ്പിക്കുവാനും സഹായകരമാകും. |

സെക്ഷൻ ഓഫീസർ